## പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:24 04/02/2013 - ൽ മറുപടിക്ക്

### മാതൃകാ മത്സ്യബന്ധന ഗ്രാമങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>„ എ. പി. അബ്ദുള്ളക്കുട്ടി:<br>„ എം.എ. വാഹീദ്:<br>„ സണ്ണി ജോസഫ് | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാനത്ത് മാതൃകാ മത്സ്യബന്ധന ഗ്രാമങ്ങളുടെ പ്രവർത്തനത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് മാതൃകാ മത്സ്യഗ്രാമങ്ങളുടെ പ്രവർത്തനത്തിന് തുടക്കമിട്ടിട്ടുണ്ട്. ആദ്യപടിയായി ഭവന നിർമ്മാണ പ്രവർത്തനത്തിനുള്ള നടപടികൾ നടന്നു വരുന്നു. 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം 2011-15 കാലയളവിലേയ്ക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 11 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലെ 32 മത്സ്യഗ്രാമങ്ങളെ സമഗ്ര വികസനത്തിലൂടെ മാതൃകാ മത്സ്യഗ്രാമങ്ങളായി വികസിപ്പിക്കുന്നതിനായി 160 കോടി രൂപ ധനസഹായമായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 10 ഫിഷറീസ് സ്ക്കൂളുകളുടെ നവീകരണത്തിനായി 40 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 9 തീരദേശ ജില്ലകളിൽ താഴെപ്പറയുന്ന മത്സ്യഗ്രാമങ്ങളിലാണ് മാതൃകാ മത്സ്യഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്. |

| ക്രമ നമ്പർ | ജില്ലയുടെ പേര് | മത്സ്യഗ്രാമം |
|---|---|---|
| 1 | തിരുവനന്തപുരം | വലിയതുറ |
| | | ചെറിയതുറ |
| | | കൊച്ചുതോപ്പ് |
| | | വലിയതോപ്പ് |
| 2 | കൊല്ലം | പുത്തൻതുറ |
| | | നീണ്ടകര |
| 3 | ആലപ്പുഴ | വലിയഴീക്കൽ |
| | | തറയിൽക്കടവ് |
| | | കള്ളിക്കാട് |
| | | ആറാട്ടുപുഴ |
| | | പതിയാങ്കര |
| | | തൃക്കുന്നപ്പുഴ |
| | | പല്ലന |
| 4 | എറണാകുളം | ചെല്ലാനം |
| | | മാറാവുകാട് |
| | | കണ്ടക്കടവ് |
| | | കണ്ണമാലി |
| | | ചെറിയകടവ് |
| 5 | തൃശ്ശൂർ | കൈപ്പമംഗലം |
| | | പൊയ്യ |
| | | ആനാപ്പുഴ |
| 6 | മലപ്പുറം | ചീരൻ കടപ്പുറം |
| | | ഇടക്കടപ്പുറം |
| | | ഒസാൻ കടപ്പുറം |
| | | ഇളരൻ കടപ്പുറം |
| | | പാണ്ടക്കടപ്പുറം |
| | | കോർമൻ കടപ്പുറം |
| | | പുതിയ കടപ്പുറം |
| 7 | കോഴിക്കോട് | മാറാട് |
| | | ബേപ്പൂർ |
| 8 | കണ്ണൂർ | അഴീക്കോട് |
| 9 | കാസർഗോഡ് | അജാനൂർ |

മത്സ്യഗ്രാമം പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഭവനനിർമ്മാണം, കുടിവെള്ളം, സാനിട്ടേഷൻ വൈദ്യുതീകരണം, മത്സ്യമേഖല അടിസ്ഥാനസൗകര്യ വികസനം, സാമൂഹ്യ അടിസ്ഥാനസൗകര്യ വികസനം എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾക്കായി 160 കോടി രൂപ ചെലവഴിക്കുന്നതാണ്.

പദ്ധതിയുടെ ആദ്യഘട്ടത്തിൽ, തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിലെ ഓരോ മത്സ്യഗ്രാമങ്ങളിലും പുതിയ ഭവനങ്ങൾ നിർമ്മിയ്ക്കുന്നതിന് 2.5 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. മത്സ്യഗ്രാമ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പദ്ധതി പ്രവർത്തനങ്ങളുടെ ഏകോപനത്തിനും നിരീക്ഷണത്തിനുമായി ജില്ലാതലത്തിൽ ജില്ലാതല മാനേജ്മെന്റ് കമ്മിറ്റിയും സംസ്ഥാനതലത്തിൽ സംസ്ഥാനതല മാനേജ്മെന്റ് കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്.

| | |
|---|---|
| (ബി) പ്രസ്തുത ഗ്രാമങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) തെരഞ്ഞെടുക്കപ്പെട്ട 11 പ്രദേശങ്ങളിലെ 32 മത്സ്യഗ്രാമങ്ങളിൽ സമഗ്ര അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്കായി ഗ്രാമങ്ങളിൽ ഒരുക്കിയിട്ടുള്ളത്; | (സി) ഭവന നിർമ്മാണം, കുടിവെള്ളം, സാനിട്ടേഷൻ, വൈദ്യുതീകരണം, മത്സ്യമേഖല അടിസ്ഥാനസൗകര്യ വികസനം, സാമൂഹ്യ അടിസ്ഥാനസൗകര്യ വികസനം, ഫിഷറീസ് സ്ക്കൂളുകളുടെ നവീകരണം എന്നീ അടിസ്ഥാന സൗകര്യങ്ങൾ മത്സ്യ ഗ്രാമങ്ങളിൽ ഒരുക്കുന്നുണ്ട്. |

| | |
|---|---|
| (ഡി) ഇതിനായി എന്തെല്ലാം കേന്ദ്രസഹായങ്ങൾ ലഭ്യമാണ്; വിശദമാക്കുമോ? | (ഡി) 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനത്തെ മാതൃകാ മത്സ്യഗ്രാമ വികസനത്തിനായി 160 കോടി രൂപ ധനസഹായമായി പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ